**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **01-09-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓപ്പറേഷൻ ജ്യോതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ ജ്യോതി എന്ന പേരിൽ വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്; പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ അഴിമതിയും ക്രമക്കേടുകളും സ്വജനപക്ഷപാതവും നടക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. |
| (ബി) | എങ്കിൽ വിജിലൻസ് അപ്രകാരമൊരു പരിശോധന നടത്താൻ ഇടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്; പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ അഴിമതിയും ക്രമക്കേടുകളും സ്വജനപക്ഷപാതവും നടക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. |
| (സി) | എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നുണ്ടെന്ന് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. |
| (ഡി) | അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ മാനേജ്മെന്റുകൾ കുട്ടികളുടെ കണക്കുകളിൽ കൃത്രിമം കാണിക്കുന്നു എന്ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നോ; | (ഡി) | മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. |
| (ഇ) | വിജിലൻസ് നടത്തിയ പരിശോധനയിൽ മറ്റ് ക്രമക്കേടുകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | അറ്റൻഡൻസ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാതിരിക്കുക, ഹാജർ പുസ്തകത്തിൽ |

| | | | |
|---|---|---|---|
| | | | കൃത്യസമയത്ത് ഒപ്പുവെക്കാതിരിക്കുക, ഹാജരല്ലാത്ത ജീവനക്കാർ അതിനുള്ള കാരണം രേഖപ്പെടുത്താതിരിക്കുക തുടങ്ങിയ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിലെ കാലതാമസം, സ്കൂൾ അദ്ധ്യാപക /അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടവ ഉൾപ്പെടെയുള്ള ഫയലുകളിൽ അനാവശ്യമായ കാലതാമസം വരുത്തുക, TR-5 പ്രകാരം ഈടാക്കിയ തുകകൾ സമയബന്ധിതമായി ബന്ധപ്പെട്ട ഓഫീസിൽ അടക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകളും, വിവിധ സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണത്തിനായി ലഭിച്ച തുകകൾ വർഷങ്ങളായി വിതരണം ചെയ്യാതെ ബാലൻസ് ഉള്ളതായും ടി തുകകൾ അനധികൃതമായി സൂക്ഷിച്ചു വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ? | (എഫ്) | പ്രസ്തുത മിന്നൽ പരിശോധന റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. അവ ലഭ്യമാകുന്ന മുറയ്ക്ക് ക്രമക്കേടിന്റെ സ്വഭാവം വിലയിരുത്തി ഉചിതമായ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ